**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **12-06-2024 - ൽ മറുപടിയ്ക്ക്**

**ദേവാങ്കണം ചാരുഹരിതം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് മുമ്പായി സംസ്ഥാനത്തെ ക്ഷേത്ര പരിസരങ്ങളും കാവും കുളങ്ങളും വൃത്തിയാക്കി പൂച്ചെടികളും വൃക്ഷങ്ങളും വെച്ച് പിടിപ്പിക്കുന്ന ദേവാങ്കണം ചാരുഹരിതം പദ്ധതിയെ കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ കുളങ്ങളും കാവുകളും സംരക്ഷിക്കുക, ക്ഷേത്ര പരിസരത്തും അനുബന്ധ സ്ഥാപനങ്ങളിലും വൃക്ഷതൈകൾ, പൂജാപുഷ്പ സസ്യങ്ങൾ, ഔഷധ ചെടികൾ തുടങ്ങിയവ നട്ട് പരിപാലിച്ച് അതുവഴി ദേവസ്വം ഭൂമികൾ ഹരിതാഭമാക്കി പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു, റവന്യൂ(ദേവസ്വം) വകുപ്പിന് കീഴിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് "ദേവാങ്കണം ചാരുഹരിതം". പദ്ധതി 2023 ജൂൺ 5 മുതൽ നടപ്പിലാക്കി വരുന്നു.<br><br>ഇതിനോടനുബന്ധിച്ച ബോർഡുകളുടെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ഈ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിലേക്കായി പ്രസ്തുത പദ്ധതിയോടൊപ്പം ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് ജൈവമാലിന്യ സംസ്കരണം, ക്ഷേത്ര പരിസരം വൃത്തിയായി സൂക്ഷിക്കുക, ക്ഷേത്രത്തിനാവശ്യമായ പൂജാ പുഷ്പങ്ങൾ പരമാവധി അതാത് ക്ഷേത്രങ്ങളിൽ തന്നെ വച്ച് പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നുണ്ട്. ഈ വർഷവും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പദ്ധതിയുടെ തുടർച്ചയായി രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടുണ്ട്.<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള 408 ക്ഷേത്രങ്ങളിലും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 681 ക്ഷേത്രങ്ങളിലും കൂടൽമാണിക്യം ക്ഷേത്രത്തിലും 12 കീഴേടങ്ങളിലും ഗുരുവായൂർ ക്ഷേത്രത്തിലും 11 കീഴേടങ്ങളിലും ദേവാങ്കണം ചാരുഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ഏതൊക്കെ ദേവസ്വത്തിന്റെ കീഴിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലും ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും ദേവാങ്കണം ചാരുഹരിതം പദ്ധതി നടപ്പിലാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ചെലവിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇല്ല. അതാത് ബോർഡുകൾ/ ദേവസ്വങ്ങൾ തന്നെ ചെലവ് വഹിക്കുന്ന രീതിയാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ